# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

## തിരുവനന്തപുരം -695033

നമ്പർ-ബി1/33870/2020/സം.തി.ക

തീയതി: 23.12.2020

വിഷയം :- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതു തിരഞ്ഞെടുപ്പ് 2020- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻ/ ഉപാദ്ധ്യക്ഷൻ തിരഞ്ഞെടുപ്പ്- തുടർ നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന :- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 16.12.2020- ലെ ഇതേ നമ്പർ സർക്കുലർ.

## സർക്കുലർ

2020 ലെ പൊതുതിരഞ്ഞെടുപ്പിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻ/ ഉപാദ്ധ്യക്ഷൻ തിരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സൂചന സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്നു. അവ സംബന്ധിച്ച തുടർ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശസ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻ/ ഉപാദ്ധ്യക്ഷൻ തിരഞ്ഞെടുപ്പിനുള്ള യോഗം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഓഫീസിൽ വച്ച് വേണം നടത്തേണ്ടത്.
2. യോഗം നടത്തുന്ന തീയതി, ദിവസം, സമയം, സ്ഥലം, എന്നിവ അറിയിക്കുന്ന നോട്ടീസ് എല്ലാം അംഗങ്ങൾക്കും/ കൗൺസിലർമാർക്കും ഏറ്റവും കുറഞ്ഞത് യോഗ തീയതിക്ക് 3 പൂർണ്ണ ദിവസങ്ങൾക്ക് മുമ്പ് നൽകേണ്ടതാണ്.
3. പൂർണ്ണ ദിവസങ്ങൾ കണക്കാക്കുമ്പോൾ അവധി ദിവസങ്ങൾ ഉൾപ്പെടുത്തേണ്ടതും എന്നാൽ യോഗം നടക്കുന്ന തീയതിയും യോഗത്തിനുള്ള നോട്ടീസ് നൽകിയ തീയതിയും ഒഴിവാക്കേണ്ടതുമാണ്.

4. യോഗ നോട്ടീസ് അംഗങ്ങൾക്ക്/ കൗൺസിലർമാർക്ക് നേരിട്ടോ ലഭ്യമായ വിലാസത്തിലോ നൽകേണ്ടതാണ്.
5. പ്രസ്തുത നോട്ടീസിന്റെ പകർപ്പ് തദ്ദേശസ്ഥാപനത്തിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം.
6. തിരഞ്ഞെടുപ്പ് നിശ്ചയിച്ച തീയതി ആകസ്മിക അവധിയായി സർക്കാരോ ബന്ധപ്പെട്ട ജില്ലാ കളക്ടറോ പ്രഖ്യാപിക്കുകയാണെങ്കിലോ മനുഷ്യ നിയന്ത്രണത്തിനതീതമായ കാരണത്താൽ അന്നു നടത്തുവാൻ കഴിയാതെ വരികയാണെങ്കിലോ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തും അതേ സ്ഥലത്തും വച്ചു നടത്തേണ്ടതാണ്. ഇക്കാര്യം നോട്ടീസിൽ കാണിക്കണം.
7. ഹാജരാകുന്ന ഓരോ അംഗവും / കൗൺസിലറും യോഗത്തിനെത്തിയ സമയം വരണാധികാരിയുടെ കൈവശമുള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി ഒപ്പ് വയ്ക്കേണ്ടതാണ്.
8. ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിലെ വോട്ടവകാശമുള്ള അംഗങ്ങളുടെ / കൗൺസിലർമാരുടെ എണ്ണത്തിന്റെ പകുതിയായിരിക്കും യോഗത്തിന്റെ ക്വാറം.
9. അപ്രകാരം ക്വാറമില്ലെങ്കിൽ യോഗം തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തും സ്ഥലത്തും കൂടുന്നതിനായി മാറ്റി വയ്ക്കേണ്ടതും അപ്രകാരം കൂടുന്ന യോഗത്തിൽ ക്വാറം നോക്കാതെ തന്നെ തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.
10. യോഗം ആരംഭിച്ചാലുടൻ തന്നെ യോഗം വിളിച്ചു കൂട്ടിയതിന്റെ ഉദ്ദേശ്യം വരണാധികാരി അറിയിക്കണം.
11. 1995 ലെ കേരള മുനിസിപ്പാലിറ്റി (ചെയർപേഴ്സന്റെയും ഡെപ്യൂട്ടി ചെയർപേഴ്സന്റെയും തിരഞ്ഞെടുപ്പ്) ചട്ടങ്ങളിലെ 6, 7, 8, 9 ചട്ടങ്ങൾ/ 1995 ലെ കേരള പഞ്ചായത്ത് രാജ് (പ്രസിഡന്റിന്റേയും വൈസ് പ്രസിഡന്റിന്റേയും തിരഞ്ഞെടുപ്പ്) ചട്ടങ്ങളിലെ 7, 8, 9 ,10 ചട്ടങ്ങൾ അംഗങ്ങൾക്ക്/ കൗൺസിലർമാർക്ക് വായിച്ചു കേൾപ്പിക്കണം.
12. അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ സ്ഥാനത്തേക്ക് മത്സരത്തിനുള്ള സ്ഥാനാർത്ഥികളെ നാമനിർദ്ദേശം ചെയ്യുവാൻ അംഗങ്ങളെ/ കൗൺസിലർമാരെ ക്ഷണിക്കണം.

13. ഒരു അംഗത്തെ / കൗൺസിലറെ മറ്റൊരു അംഗം/ കൗൺസിലർ സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യേണ്ടതും വേറൊരു അംഗം/ കൗൺസിലർ പിന്താങ്ങേണ്ടതുമാണ് .

14. സ്ത്രീകൾക്കോ, പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കോ, അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷന്റെ സ്ഥാനം സംവരണം ചെയ്തിട്ടുണ്ടെങ്കിൽ ഒരംഗത്തെ മറ്റൊരംഗം സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യണമെന്നോ മറ്റൊരംഗം പിന്താങ്ങണമെന്നോ നിർബന്ധമില്ല.

15. നാമനിർദ്ദേശം ചെയ്യപ്പെട്ടയാൾ ഹാജരില്ലെങ്കിൽ സ്ഥാനാർത്ഥിയാകുവാൻ സമ്മതിച്ചു കൊണ്ടുള്ള നാമനിർദ്ദേശം ചെയ്യപ്പെട്ടയാളുടെ രേഖാമൂലമുള്ള സമ്മതപത്രം ഹാജരാക്കേണ്ടതാണ്.

16. ഒരു അംഗം/ ഒരു കൗൺസിലർ ഒന്നിലധികം പേരുകൾ നിർദ്ദേശിക്കുവാനോ പിന്താങ്ങുവാനോ പാടില്ല.

17. യഥാവിധി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ പേരുകളും അവരെ യഥാക്രമം നിർദ്ദേശിച്ചവരുടെയും പിന്താങ്ങിയവരുടെയും പേരുകളും യോഗത്തിൽ വരണാധികാരി വായിച്ചു കേൾപ്പിക്കണം.

18. ഒന്നിലധികം സ്ഥാനാർത്ഥികളുണ്ടെങ്കിൽ വോട്ടെടുപ്പ് നടത്തേണ്ടതാണ്.

19. ബാലറ്റ് പേപ്പറിൽ എല്ലാ സ്ഥാനാർത്ഥികളുടെയും പേരുകളും അതിന്റെ മറുപുറത്ത് വരണാധികാരിയുടെ പൂർണ്ണമായ ഒപ്പം മുദ്രയും ഉണ്ടായിരിക്കേണ്ടതുമാണ്.

20. വോട്ടു ചെയ്യുവാനാഗ്രഹിക്കുന്ന അംഗങ്ങൾക്ക്/ കൗൺസിലർമാർക്ക് ഓരോരുത്തർക്കായി ഒന്നാം നമ്പർ ഫാറത്തിലുള്ള ബാലറ്റ് പേപ്പർ നൽകേണ്ടതാണ്.

21. സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് സ്ഥാനം ഏറ്റെടുക്കാത്ത അംഗങ്ങൾക്ക് / കൗൺസിലർമാർക്ക് യോഗ നടപടികളിൽ പങ്കെടുക്കുവാനോ വോട്ടു ചെയ്യുവാനോ അവകാശമില്ലാത്തതാണ്.

22. അംഗങ്ങൾക്ക്/ കൗൺസിലർമാർക്ക് വോട്ടു രേഖപ്പെടുത്തുവാൻ റിട്ടേണിംഗ് ഓഫീസർക്ക് സമീപം സൗകര്യം ഏർപ്പെടുത്തേണ്ടതും വോട്ടു ചെയ്ത ശേഷം ബാലറ്റു പേപ്പർ റിട്ടേണിംഗ് ഓഫീസറുടെ സമീപത്ത് ഇതിലേക്കായി ക്രമീകരിച്ചിരിക്കുന്ന ബോക്സിലോ ട്രേയിലോ നിക്ഷേപിക്കുന്നതിന് നിർദ്ദേശിയ്ക്കേണ്ടതുമാണ്.